"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചളവറ എ.യു.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി. കൃപ സി.കെ.യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1698/2023/GEDN തീയതി, തിരുവനന്തപുരം, 02-03-2023

---

പരാമർശം:-

1. പാലക്കാട് ചളവറ എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി. കൃപ സി.കെ.യുടെ 10.11.2022 തീയതിയിലെ അപേക്ഷ.
2. ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.12.2022 തീയതിയിലെ ബി/3482/2022 നമ്പർ കത്ത്.
3. 24/10/2022 തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്.

<u>ഉത്തരവ്</u>

പാലക്കാട് ചളവറ എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി. കൃപ സി.കെ. ഉപജില്ലാ ശാസ്ത്രമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനിടയിൽ കാൽ മടങ്ങി നിലത്ത് വീഴുകയും വലത് കാൽപാദത്തിന് ക്ഷതം സംഭവിക്കുകയും എല്ല് പൊട്ടുകയും ചെയ്തതിനാൽ സൂചന 3 സർട്ടിഫിക്കറ്റ് പ്രകാരം ഡോക്ടർ ടിയാൾക്ക് 18/10/2022 മുതൽ 16/11/2022 വരെ 30 ദിവസത്തെ വിശ്രമം അനുവദിച്ചതായും, അതിനാൽ ടിയാൾക്ക് 18/10/2022 മുതൽ 16/11/2022 വരെ 30 ദിവസത്തെ പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി. കൃപ സി.കെ. സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്ത് അതിന്മേലുള്ള സാക്ഷ്യപത്രവും അനുബന്ധ രേഖകളും സഹിതം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ചളവറ എ.യു.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി. കൃപ സി.കെ. ക്ക് 18/10/2022 മുതൽ 16/11/2022 വരെ 30 ദിവസത്തെ വിശ്രമം പരാമർശം (3) മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ഡോക്ടർ ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ. പാർട്ട് I ചട്ടം 98-ലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാൾക്ക് 18/10/2022 മുതൽ 16/11/2022 വരെ 30 ദിവസം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** നിയന്ത്രണാധികാരി ടി അവധി വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ ), കേരള, തിരുവനന്തപുരം.
മാനേജർ, ചളവറ എ.യു.പി. സ്കൂൾ, ചളവറ, പാലക്കാട്.
പ്രധമാദ്ധ്യാപകൻ, ചളവറ എ.യു.പി. സ്കൂൾ, ചളവറ, പാലക്കാട്.
ശ്രീമതി. കൃപ സി.കെ., ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക,
ചളവറ എ.യു.പി.സ്കൂൾ, ചളവറ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 03-03-2023 11:04:53
സെക്ഷൻ ഓഫീസർ